# ഗൾഫ് സലഫികളും
# കേരളത്തിലെ ഇസ്വ്‌ലാഹി പ്രസ്ഥാനവും

(വിമർശനങ്ങൾക്ക് മറുപടി)

ഡോ. കെ. കെ. സകരിയ്യാ സ്വലാഹി

## ഇങ്ങനെയും ഒരു ഫസാദ്!

സാധാരണക്കാർ വായിക്കുന്ന മതപരമായ കൃതികൾ രചിക്കുന്ന സാത്വികരായ പണ്ഡിതൻമാരും ഗ്രന്ഥകർത്താക്കളും എക്കാലത്തും സ്വീകരിച്ചുവരുന്ന ഇസ്‌ലാമിക മര്യാദപോലും കാറ്റിൽ പറത്തിക്കൊണ്ടാണ് എം. ഐ. സുല്ലമി തന്റെ പുസ്തകരചന നടത്തിയിട്ടുള്ളത്. അദ്ദേഹം തന്റെ പുസ്തകത്തിന്റെ ആദ്യഭാഗത്ത് തന്നെ എഴുതുന്നു:

“ഈ പുസ്തകത്തിന്റെ താളുകൾ മറിക്കുമ്പോൾ ഗൾഫിലെ സലഫികളും കേരളത്തിലെ ഇസ്‌ലാഹീ പ്രസ്ഥാനവും തമ്മിലുള്ള അനേകമന്തരങ്ങൾ വായനക്കാരന് ബോധ്യമാകുന്നതാണ്. എന്നാൽ ഗൾഫിലെ സലഫികളുടെയോ, കേരളത്തിലെ മുജാഹിദ് പ്രസ്ഥാനത്തിന്റെയോ ആശയാദർശങ്ങളിൽ ഏതാണ് ശരിയെന്നും ഏതാണ് തെറ്റെന്നും വിലയിരുത്തുന്ന ഒരു പഠനകൃതിയല്ല ഇത്. അവയിലെ തെറ്റും ശരിയും നന്മയും തിന്മയും പ്രാമാണികവും അല്ലാത്തവയും ഏതെന്ന് പഠന വിധേയമാക്കാനാഗ്രഹിക്കുന്നവർക്ക് അത് വേറെ ചെയ്യാവുന്നതാണ്” (ഗൾഫ് സലഫിസം - പ്രസ്താവന).

നോക്കുക! വിശ്വാസികൾക്കിടയിൽ ഫസാദ് ഉണ്ടാക്കുകയാണ് തന്റെ കൃതിയുടെ ലക്ഷ്യമെന്ന് തുറന്ന് പറഞ്ഞിരിക്കയാണ് ഇവിടെ. തെറ്റും ശരിയും കൂട്ടിക്കലർത്തി പുസ്തകം രചിച്ച് സാധാരണക്കാർക്ക് നല്കുക. പക്ഷേ, ഇതിൽ ശരിയേത്, തെറ്റേത് എന്ന് പറയാൻ ഞാൻ ആളല്ല; അതിന് നിങ്ങൾ വേറെ വഴി നോക്കണം എന്ന് പറയുക! ഇത് ഒരു പണ്ഡിതന് പോയിട്ട് സാധാരണക്കാരനുപോലും യോജിച്ച നിലപാടാണോ? സാധാരണക്കാരെ ആശയക്കുഴപ്പത്തിലാക്കി വട്ടം കറക്കുകയാണ് തന്റെ ഉദ്ദേശ്യമെന്നും സത്യം തെളിയിക്കലല്ല ഈ കൃതിയുടെ ലക്ഷ്യമെന്നും തുറന്ന് പറയുന്ന ഈ കൃതി രചിച്ച വ്യക്തിയും പ്രചരിപ്പിച്ചവരും കുളം കലക്കി മീൻ പിടിക്കുന്ന കുതന്ത്രമാണ് പ്രയോഗിച്ചിട്ടുള്ളത് എന്ന് ഇതോടെ വ്യക്തമായിരിക്കുകയാണ്. മടവൂർ വിഭാഗം പുറത്തിറക്കിയ ഈ ‘മാസ്റ്റർ പീസിന്റെ’ ഉള്ളടക്കത്തിന്റെ സ്വഭാവമെന്താണെന്ന് ഈ പ്രസ്താവന വായിക്കുന്ന അൽപബുദ്ധികൾക്കുപോലും പിടികിട്ടാൻ പ്രയാസമില്ല. ആളുകൾ

ആശയക്കുഴപ്പത്തിലകപ്പെട്ട് നട്ടം തിരിയുന്നത് കണ്ട് രസിക്കുന്ന ശരിയായ ഒരു തരം 'സാഡിസ്റ്റ്' മനസ്ഥിതിക്കാരനാണ് ലേഖകൻ എന്ന് അദ്ദേഹത്തിൻെറ പുസ്തകത്തിലെ മേലെഴുതിയ പ്രസ്താവന തെളിയിക്കുകയാണ്.

താനെഴുതിയ വിഷയങ്ങളിൽ സത്യത്തിൻെറ പക്ഷമേതാണെന്നും തെറ്റ് പറ്റിയത് ആർക്കാണെന്നും എം. ഐ. സുല്ലമിക്ക് അറിയാം. പക്ഷേ, അത് വ്യക്തമാക്കിയാൽ മടവൂർ കോക്കസിൽനിന്ന് വാങ്ങിയ അച്ചാരം താൻ മടക്കിക്കൊടുക്കേണ്ടിവരില്ലേ? വേദക്കാരായ ജൂത-ക്രിസ്ത്യാനികളോട് അല്ലാഹു ചോദിച്ചതെത്ര സത്യം. "വേദക്കാരേ! നിങ്ങളെന്തിനാണ് സത്യവും അസത്യവും കൂട്ടിക്കലർത്തുകയും അറിഞ്ഞുകൊണ്ട് സത്യത്തെ മൂടിവെക്കുകയും ചെയ്യുന്നത്?" (ആലു ഇംറാൻ - 71)

എം. ഐ. സുല്ലമിയുടെ പുസ്തകമിറക്കിയിട്ടുള്ളത് 'അൽഫുർഖാൻ' പബ്ലിക്കേഷൻസ് (കുനിയിൽ) ആണ്. ഫുർഖാൻ എന്നതിനർത്ഥം സത്യവും അസത്യവും വേർതിരിക്കുന്നത് എന്നാണ്. എന്നാൽ തൻെറ പ്രസിദ്ധീകരണാലയത്തിന് യോജിച്ച പേരല്ല ഇത് എന്ന് സുല്ലമിതന്നെ തെളിയിച്ചിരിക്കുന്നു.

പലവിധ ഗ്രന്ഥങ്ങളും മാസികകളും പരതിയും പരിശോധിച്ചുമാണ് സുല്ലമി പുസ്തകം തട്ടിക്കൂട്ടിയിട്ടുള്ളത്. വേണ്ടത്ര അറിവില്ലാത്ത ഒരു 'സാദാ മൗലവി'യല്ല താനെന്നും ഉന്നതരായ സലഫീ പണ്ഡിതൻമാരുമായി തനിക്ക് ബന്ധമുണ്ടെന്നും എം. ഐ തന്നെ വീമ്പ് പറയുന്നുണ്ട്. അദ്ദേഹം എഴുതുന്നു: "സഊദി അറേബ്യയിൽ ദീർഘകാലം ഇസ്ലാമിക പ്രബോധന രംഗത്ത് പ്രവർത്തിക്കാൻ അല്ലാഹു എന്നെ അനുഗ്രഹിക്കുകയുണ്ടായി. അന്ന് ധാരാളം സലഫീ പണ്ഡിതരുമായി ആശയ വിനിമയം നടത്താനും സാധിച്ചു. അപ്പോൾ മനസിലായ ഒരു യാഥാർത്ഥ്യമുണ്ട്. നാം വളരെ ഏറെ പ്രാധാന്യം കല്പിക്കുന്ന പല വിഷയങ്ങളിലും നമ്മുടെ വീക്ഷണങ്ങൾ 'അറബികളായ സലഫി'കളുടെ ആശയങ്ങളുമായി പൊരുത്തപ്പെടുന്നവയല്ല എന്നത്രെ അത്" (ലഘുലേഖ പേജ് 1).

അറേബ്യയിലെ ഉന്നത പണ്ഡിതസഭയിലോ ഫത്വാബോർഡിലോ ആയിരുന്നു തനിക്ക് ജോലിയെന്ന് തോന്നിപ്പിക്കാനുള്ള പാഴ്ശ്രമമല്ലേ ഇത്. അറബികൾക്ക് 'സുലൈമാനി' ഒഴിച്ചുകൊടുക്കുന്നവരുടെ ഇത്തരം വീമ്പുപറച്ചിൽ നാം ഏറെ കേട്ടതാണ്. വാസ്തവം എന്താണെന്ന് അനുഭവസ്ഥർക്കറിയാമല്ലോ! നമ്മുടെ ആശയങ്ങളും അറബികളുടെ ആശയങ്ങളും തമ്മിൽ തട്ടിച്ചുനോക്കാനും ശരിയും തെറ്റും പരിശോധിക്കാനും നമുക്കിടയിൽ ഭിന്നത ഉണ്ടാകാനുള്ള കാരണങ്ങൾ കണ്ടെത്തി പരിഹാരം നിർദ്ദേശിക്കാനുമൊക്കെ തനിക്ക് അവസരം ലഭിച്ചിരുന്നു എന്ന സൂചനയാണല്ലോ ഈ വാചകത്തിലുള്ളത്. പക്ഷേ, അത്തരത്തിലുള്ള വൈജ്ഞാനിക സത്യസന്ധത പാലിച്ച് എം. ഐ. അക്കാലത്തൊന്നും ഇത്തരം ഗ്രന്ഥം രചിക്കാത്തത് തൻെറ 'കുളംകലക്കലിന്' അന്നൊന്നും അവസരം ഉണ്ടാകില്ലെന്ന് കണക്കുകൂട്ടിയതുകൊണ്ടല്ലേ? അങ്ങനെയാണ് തൻെറ രോഗത്തിന്

താൽക്കാലിക 'ശമനം' കിട്ടുന്ന ഈ വേലത്തരത്തിന് ഇപ്പോൾ ഇയാൾ ഒരുങ്ങിയത് എന്ന് ചുരുക്കം.

വീണ്ടും അദ്ദേഹം എഴുതുന്നു: "അറബികളായ സലഫി പാതയുമായി നമുക്ക് യോജിക്കാൻ കഴിയാത്ത പ്രശ്നങ്ങൾ നാം കൂടുതൽ പഠനവിധേയമാക്കേണ്ടതാണ്. നമ്മുടെ ഇതഃപര്യന്തമുള്ള നിലപാടുകളിൽ ഖുർആനിനോടും സുന്നത്തിനോടും യോജിക്കാത്തവയുണ്ടെങ്കിൽ അവ നാം തിരുത്തുകയും അറബികളായ സലഫികളുടെ വീക്ഷണങ്ങളെ പിന്തുടരുകയും ചെയ്യുക. എന്നാൽ നമ്മുടെ പഠനങ്ങളിൽനിന്ന് നമ്മുടെ വീക്ഷണമാണ് ഖുർആനിനോടും നബിചര്യയോടും യോജിക്കുന്നത് എന്ന് ബോധ്യപ്പെടുന്നുവെങ്കിൽ അറബികളായ സലഫികളെ തെറ്റായ ആശയങ്ങളിൽനിന്ന് പ്രകാശത്തിലേക്ക് നയിക്കേണ്ടത് നമ്മുടെ ബാധ്യതയാണ്. അതിനുവേണ്ടി അവരുടെ തെറ്റുകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് അറബി, ഇംഗ്ലീഷ് ഭാഷകളിൽ നാം ലഘുലേഖകൾ, ഗ്രന്ഥങ്ങൾ തുടങ്ങിയവ പ്രസിദ്ധീകരിക്കുകയും നമ്മുടെ നാട്ടിൽ വരുന്ന സലഫീ പണ്ഡിതൻമാർക്ക് അവരുടെ തെറ്റുകൾ ചൂണ്ടിക്കാണിച്ച് കൊടുക്കുകയും ചെയ്യുക. അവരുടെ കാശ് മുടങ്ങുമോ എന്ന ഭയം മൂലം സത്യം മറച്ചുവെച്ചാൽ അതിൻെറ ഭവിഷ്യത്ത് ഗുരുതരമായിരിക്കും" (ലഘുലേഖ പേജ് 1).

എം. ഐ. സുല്ലമിയുടെ ഈ നിർദ്ദേശം കേമമായിട്ടുണ്ട്. മാത്രമല്ല, ഈ മഹത്തായ നിർദ്ദേശം അച്ചടിച്ച് സാധാരണക്കാർക്ക് ലഘുലേഖയായി വിതരണം ചെയ്തുകൊണ്ട് എന്ത് ഗുണമാണ് എം. ഐ. പ്രതീക്ഷിക്കുന്നത്? അവർക്ക് അത് പഠിക്കാൻ കഴിയുമോ? ദീർഘകാലം സലഫീ പണ്ഡിതൻമാരുമായി സഹവസിക്കുകയും ആശയവിനിമയം നടത്തുകയും ചെയ്തുവെന്ന് മേനിനടിക്കുന്ന എം. ഐക്കുപോലും കഴിയാത്തത് ഇവർക്ക് കഴിയുമോ? ഇല്ല എന്ന കാര്യം തീർച്ച.

പിന്നെ എന്തിനാണ് കേരളത്തിലെ മുജാഹിദ് പണ്ഡിത സംഘടനയുടെ ഉത്തരവാദപ്പെട്ട നേതാക്കൾക്ക് മാത്രം വർഷങ്ങൾക്കുമുമ്പേ ഗൗരവപൂർവ്വം എഴുതികോടുത്ത് പരിഹാരം തേടേണ്ട ഈ നിർദ്ദേശം ഇത്രയും കാലം എം. ഐ. പൂഴ്തിവെച്ചത്? ഇപ്പോൾ മാത്രം സാധാരണക്കാരിലേക്ക് വലിച്ചിട്ടത്? കാരണം വ്യക്തം. അദ്ദേഹത്തിൻെറ ലക്ഷ്യം 'ഒന്ന് കലങ്ങട്ടെ' എന്നുമാത്രമാണ്. ഈ വ്യാജവേഷമാണ് സാധാരണക്കാരുടെ മുമ്പിലുള്ള വലിയ പരീക്ഷണം.

ഏതായാലും എം. ഐ. തന്നെ അസി. സെക്രട്ടറിയായി നിലവിൽവന്ന വിഘടിത പണ്ഡിതസഭ മേൽപറഞ്ഞ നിർദ്ദേശം ഉടൻ കണക്കിലെടുത്ത് പരിഹാരം കാണുമെന്ന് നമുക്ക് പ്രത്യാശിക്കാം. അറബികളായ സലഫികളും നമ്മളും തമ്മിലുള്ള അഭിപ്രായ ഭിന്നതകൾ ഇനിയും ഒരു 'സമസ്യ'യായി തുടരുകയില്ല എന്ന് നമുക്ക് സമാധാനിക്കാം. ഏതാണ് ശരി; ഏതാണ് തെറ്റ് എന്ന് ചങ്കൂറ്റത്തോടെ തെളിവ് സഹിതം അറബികളേയും മലയാളികളേയും എന്നല്ല ലോകരെ മുഴുവനും ബോധവൽക്കരിക്കുന്ന അറബി, ഇംഗ്ലീഷ് ലഘുലേഖകളും ഗ്രന്ഥങ്ങളും ഏതാനും

ആഴ്ചക്കുള്ളിൽ നമുക്ക് ലഭിക്കുമെന്ന് പ്രതീക്ഷിക്കാം. കാരണം, അറബികളുടെ കാശ് മുടങ്ങും എന്ന് കരുതി ചിലർ മൂടിവെച്ചതാണല്ലോ കുറെ സത്യങ്ങൾ! അറബിപ്പണത്തിൻെറ ഗന്ധവും ബന്ധവുമില്ലാത്ത നിഷ്കാമ കർമ്മികളുടെ വിശുദ്ധ കൂട്ടായ്മയാണല്ലോ പുതിയ വിഘടിത പണ്ഡിത സഭ!